WEDNESDAY 13-04-2022 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Sunilkumar R** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ്ഐ ബി കാർഷികവാർത്തകൾ(FIB FARM NEWS)-13/04/2022.

1. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന **ഞങ്ങളും കൃഷിയിലേക്ക്** എന്ന പദ്ധതിയുടെ ക്യാമ്പയിൻ ഇന്ന് (13.04.2022) കാലത്ത് 10 മണിക്ക് കണ്ണൂർ താണയിലുള്ള ദിനേശ് ഓഡിറ്റോറിയത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉൽഘാടനം ചെയ്യും. കണ്ണൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ കൃഷി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നടത്തുന്ന ക്യാമ്പയിനിൽ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പ്രവർത്തനരീതികളെയും പദ്ധതി വൻവിജയമാക്കി തീർക്കേണ്ടതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും മന്ത്രി ഉദ്യോഗസ്ഥരുമായി നേരിട്ട് സംവദിക്കുന്നതാണ്.

2. ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര കാർഷികവികസന പദ്ധതിയായ "ഒല്ലൂർകൃഷി സമൃദ്ധി"യുടെയും ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തിന്റെയും ആഭിമുഖ്യത്തിൽ ഇന്നും നാളെയും മണ്ണുത്തി വെറ്ററിനറി കോളേജ് ഗ്രൌണ്ടിൽ വച്ച് **കാർഷികസംരംഭകത്വമേള** സംഘടിപ്പിക്കുന്നു. കേരളസർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി കൃഷിവകുപ്പ് നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയായ **'ഞങ്ങളുംകൃഷിയിലേക്ക്'** എന്ന പരിപാടിയുടെ ഭാഗമായി, എല്ലാവരേയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷികമേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടത്തുന്ന ഈ മേളയുടെ ഉദ്ഘാടനം, ഏപ്രിൽ ഇന്ന് രാവിലെ 10 ന്, റവന്യുവകുപ്പ് മന്ത്രി അഡ്വ. കെ.രാജൻ നിർവഹിക്കും. തുടർന്ന് കാർഷികമേഖലയിലെ സംരംഭകത്വവികസനത്തിന് സഹായകമായ സെമിനാറുകളും സംരംഭകരുമായി അനുഭവം പങ്കു വയ്ക്കലും ഉണ്ടായിരിക്കും.

3. നഗരവാസികൾക്ക് വെള്ളിയാഴ്ചകളിൽ നാടൻ പച്ചക്കറികളും പഴങ്ങളും എത്തിക്കുന്ന വിളനിറവ് കർഷക കൂട്ടായ്മ നാളെ (ഏപ്രിൽ 14) ഉച്ചയ്ക്ക് വഴുതക്കാട് എം.പി. അപ്പൻ സ്മാരകത്തിന് മുന്നിൽ (കേരള ഹിന്ദി പ്രചാര സഭയ്ക്ക് എതിർവശം) വിഷുക്കണി - 2022 കർഷകവിപണി ഉത്ഘാടനം ചെയ്യുന്നു. പെരുങ്കടവിള കൃഷിഭവൻ പരിധിയിലെ കർഷകരുടെ കാർഷിക ഉത്പന്നങ്ങൾ തിരുവനന്തപുരം കോർപ്പറേഷൻ കൃഷിഭവന്റെ സഹകരണത്തോടെ വിൽക്കപ്പെടുന്ന വിപണി അന്നേ ദിവസം സന്ധ്യ വരെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തുടരും. നഗരത്തിന് കണിക്കൊന്നപ്പൂക്കളും കണി വെള്ളരിയും കണിമാങ്ങയും പഴുത്തടയ്ക്കയും വെറ്റിലയും കണിയൊരുക്കാൻ പ്രത്യേക കിറ്റായി വിപണിയിൽ ലഭ്യമാകും.

4. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ള കർഷകർ **0479-2452277, 9495805511** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. കേന്ദ്ര കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വെർചൽ വ്യാപാരമേള ഏപ്രിൽ 26 മുതൽ 28 വരെ നടത്തുന്നു. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങൾ മധുര പലഹാരങ്ങൾ, പാനീയങ്ങൾ മുതൽ ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏറ്റവും പുതിയ നാളികേര ഉൽപന്നങ്ങളെ പരിചയപ്പെടുത്തൽ, നാളികേര ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രമീകരണം, വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ മുഖാമുഖം, വ്യാപാര അന്വേഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സന്ദർശകർ തമ്മിൽ കൂടിക്കാഴ്ച, അന്വേഷണങ്ങൾ സുഗമമാക്കാൻ ബിസിനസ്സ് അന്വേഷണ ഫോമുകൾ തുടങ്ങി മേഖലയിലെ വ്യാപാരികൾക്കും നിർമ്മാതാക്കൾക്കും വെർചൽ വ്യാപാര മേളയിൽ വിവിധ സേവനങ്ങളാണ് ഒരുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-4058041/42, 9746903555** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് പുനലൂരിൽ കരാർ അടിസ്ഥാനത്തിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ്/പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്, ഇലക്ട്രീഷ്യൻ, മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് എന്നീ ഒഴിവുകളിലേയ്ക്കും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരായ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, കാർഷികമേഖലകളിൽ യോഗ്യതയുള്ള പ്രോജക്ട് കൺസൾട്ടന്റുമാരെ എംപാനൽ ചെയ്യുന്നതിനുമുള്ള അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 21 (ഏപ്രിൽ 21) ആണ്. താൽപര്യമുള്ളവർ അപേക്ഷയോടൊപ്പം യോഗ്യത,

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിചയംഎന്നിവതെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും, ബയോഡേറ്റയും ഈ മാസം 21-നു (ഏപ്രിൽ 21) മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കിസ്സാൻ ജ്യോതിഫോർട്ട് പി.ഒ., തിരുവനന്തപുരം-23 എന്ന വിലാസത്തിലോ, keragrotvm@gmail.com എന്ന മെയിൽ ഐഡിയിലോ അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.comഎന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471–2471343, 2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

7. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ടില്ലർ ഇന്ന് രാവിലെ 11 മണിക്ക് ഫാം പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുമ്പായി 1000 രൂപ നിരതദ്രവ്യമായിആഫീസിൽഅടച്ച് പേര് രജിസ്റ്റർചെയ്യേണ്ടതാണ്. കൂടുതൽവിവരങ്ങൾക്ക് **0471–2732962** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയങ്ങളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. കേരളകാർഷികസർവകലാശാല ഇ-പഠന കേന്ദ്രം "**രോഗകീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി നാളെ (ഏപ്രിൽ14)തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഇന്നാണ് (ഏപ്രിൽ-13) പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ് ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ ജയിക്കുന്നവർക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകും. www.celkau.in/MOOC/Default.aspxഎന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ് എന്നിവയിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വച്ച് ഏപ്രിൽ 28-ന് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **7306464582** എന്ന വാട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം